## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.68      30.01.2019-ൽ മറുപടിയ്ക്ക്

### ഉന്നത വിദ്യാഭ്യാസ മേഖലയിലെ പട്ടികവിഭാഗ വിദ്യാർത്ഥികൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എ.പി.അനിൽ കുമാർ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികവിഭാഗങ്ങളുടെ പ്രവേശനം ജനസംഖ്യാനുപാതികമായി ഉയർത്തിക്കൊണ്ടുവരുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംവരണതത്വങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നതിനാലും ഉന്നത വിദ്യാഭ്യാസം കാംക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം നൽകുന്നു എന്നതു കൊണ്ടും ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികവർഗ വിഭാഗങ്ങളുടെ പ്രവേശനം ജനസംഖ്യാനുപാതികമായി ഉയർത്തിക്കൊണ്ടു വരുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ബി) | എഞ്ചിനിയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയ പട്ടികവിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളിൽ പലർക്കും പരീക്ഷ പാസ്സാകാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഞ്ചിനീയറിംഗ് പ്രവേശനം ലഭിച്ചതിന് ശേഷം ചില വിദ്യാർത്ഥികൾ പരീക്ഷ പാസാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷിപ്പണിയുമായി ബന്ധപ്പെടുന്ന പട്ടികവർഗ കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളാണ് കൂടുതലായി പരീക്ഷ പാസാകാത്തതും ഇടയ്ക്ക് വച്ച് പഠനം നിർത്തുന്നതുമായി കണ്ടു വരുന്നത്. കാർഷിക വിളകളുടെ വിളവെടുപ്പ് സമയത്ത് ഇത്തരം കുട്ടികളുടെ ഹാജർ നില കുറയുകയും ക്രമേണ ക്ലാസുകളിൽ വരാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. കുടുംബത്തിലെ പ്രശ്നം, രക്ഷിതാക്കളിലെ മദ്യപാന ശീലം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഭാഷാപരവും സാമൂഹ്യപരവുമായ ഒറ്റപ്പെടൽ തുടങ്ങിയവയാണ് ഇടയ്ക്ക് വച്ച് പഠനം നിർത്തുന്നതിനുള്ള . കാരണങ്ങൾ. ഇതു പരിഹരിക്കുന്നതിന് IHRD-യുമായി സഹകരിച്ച് റെമഡിയൽ കോച്ചിംഗ് ക്ലാസ്സ് (2017-18 മുതൽ) നടത്തി വരുന്നു. |
| (സി) | പ്രസ്തുത വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് തയ്യാറാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | എഞ്ചിനിയറിംഗ് കോളേജുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് കുറയ്ക്കുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും, തോറ്റ |

| | | | |
|---|---|---|---|
| | | | പേപ്പറുകൾ എഴുതിയെടുക്കുന്നതിനും വകുപ്പിന്റെ നേതൃത്വത്തിൽ **IHRD,** മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന **Remedial Coaching** നൽകുന്ന പദ്ധതി **2017-18** മുതൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് മുതലായവ ഈ സർക്കാർ വന്നശേഷം 25% വർദ്ധിപ്പിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിലെ താമസം, ഭക്ഷണം എന്നിവയ്ക്കുള്ള പ്രതിമാസ ആനുകൂല്യം 3500 ൽ നിന്ന് 4500 ആയി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 1 മുതൽ 8 വരെയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് പുതുതായി 2000 രൂപ പ്രതിവർഷം നൽകുന്ന പദ്ധതിയും നടപ്പാക്കി. നിലവിൽ നൽകി വരുന്ന ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**